പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3989

31.01.2014 ൽ
മറുപടിയ്ക്ക്

ഐ. റ്റി. പാർക്കുകളിലെ ഐ. റ്റി. കമ്പനികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) | |
| എ) | സംസ്ഥാനത്ത് ഐ.റ്റി. പാർക്കുകളിൽ എത്ര ഐ.റ്റി. കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | തിരുവനന്തപുരം ടെക്നോപാർക്കിൽ 298 കമ്പനികളും ഇൻഫോപാർക്കിൽ 153 കമ്പനികളും പ്രവർത്തിക്കുന്നു. |
| ബി) | ഐ. റ്റി. കമ്പനികൾക്ക് ഐ. റ്റി. പാർക്കുകളിൽ സ്ഥലം പാട്ടത്തിന് നൽകുന്നത് ഏത് വ്യവസ്ഥ പ്രകാരമാണ്; വിശദമാക്കാമോ; | ബി) | ഐ.ടി. കമ്പനികൾക്ക് ഭൂമി നൽകുന്നത് 90 വർഷത്തെ പാട്ടക്കരാർ വ്യവസ്ഥയിലാണ്. ഇതനുസരിച്ച് കമ്പനികൾ 6 മാസത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 36 മാസത്തിനുള്ളിൽ അവരുടെ ബിസിനസ്സ് ആരംഭിക്കുകയും ചെയ്യേണ്ടതാണ്. പാർക്കിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ കമ്പനികൾക്ക് സ്ഥലം നൽകുന്നത് മൂന്ന് വർഷത്തെ പാട്ട ഉടമ്പടിയിൽ മാസവാടക വ്യവസ്ഥയിലാണ്. ചെറിയ ഐ.ടി. കമ്പനികൾക്ക് പ്രവർത്തിക്കാൻ വിധത്തിൽ സ്റ്റാർട്ട് ബിസിനസ് സെന്റർ ഓഫീസുകൾ നൽകുന്നത് 11 മാസത്തെ ലൈസൻസ് ഉടമ്പടി പ്രകാരവും ഫർണിഷ് ചെയ്യാത്ത കെട്ടിടങ്ങൾ മറ്റ് കമ്പനികൾക്ക് നൽകുന്നത് 3 വർഷത്തെ പാട്ട ഉടമ്പടി പ്രകാരവുമാണ്. കാലാവധി ഉഭയകക്ഷി സമ്മത പ്രകാരം പുതുക്കാവുന്നതാണ്. |
| സി) | സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെയും പാട്ടക്കരാർ, പാട്ടം, വൈദ്യുതി ചാർജ്ജ് ഒടുക്കാതെയും പ്രവർത്തിക്കുന്ന എത്ര ഐ. റ്റി. കമ്പനികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | സി) | ടെക്നോപാർക്കിൽ വാടക, മെയിന്റനൻസ്, എ.സി., വെള്ളം, ജനറേറ്റർ ചാർജുകൾ എന്നിവ കൃത്യസമയം നൽകാത്ത 269 കമ്പനികളും വൈദ്യുത ചാർജ് നൽകാതെ 214 കമ്പനികളും പ്രവർത്തിക്കുന്നുണ്ട്. ഇൻഫോപാർക്കിൽ പാട്ടം, വൈദ്യുതി ചാർജ് ഇവ നൽകാതെ 57 കമ്പനികൾ പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | ഇത്തരം കമ്പനികൾക്കെതിരെ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ: | ഡി) | പാട്ടക്കരാർ ലംഘിച്ച് വാടക, വെള്ളം, വൈദ്യുത ചാർജ്ജുകൾ നൽകാത്ത കമ്പനികൾക്കെതിരെ റവന്യൂ റിക്കവറി, ഒഴിപ്പിക്കൽ നോട്ടീസ് തുടങ്ങിയ നിയമനടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ